(ബി) പദ്ധതി ബാധിത മേഖലയിൽ പകുതിയും വരുന്ന കേരളത്തിന്റെ അനുമതി ഈ പദ്ധതി നടത്തിപ്പിന് നൽകിയിട്ടുണ്ടോ ;

(സി) പരീക്ഷണശാല നിർമ്മിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിസ്ഥിതി വകുപ്പിൽ നിന്ന് അനുമതി നൽകിയിട്ടില്ല.

(സി) കേരള തമിഴ്നാട് അതിർത്തിയിലെ തേനി ജില്ലയിലെ പൊട്ടിപ്പുറം പഞ്ചായത്തിലെ മലനിരയിൽ ഏതാണ്ട് 26.85 ഹെക്ടർ വിസ്തൃതിയുള്ള സ്ഥലത്താണ് നിർദ്ദിഷ്ട India based-neutrino observatory നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഏകദേശം 1300 മീറ്റർ ആഴത്തിൽ ഒരു ഭൂഗർഭ സംഭരണി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിനായി ഇതിനോടനുബന്ധിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതായും മനസ്സിലാക്കിയിട്ടുണ്ട്. പ്രകൃതിജന്യമായ റേഡിയേഷനുകൾ ഒഴിവാക്കിക്കൊണ്ടുള്ള പരീക്ഷണങ്ങൾ നടത്തുന്നതിലേക്കായിട്ടാണ് ഇത്തരത്തിലുള്ള ഒരു ഭൂഗർഭ അറയും അതിലേയ്ക്കുള്ള ടണലും നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത് എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും തന്നെ ലഭ്യമായിട്ടില്ല.

## പുതുക്കാട് ഇക്കോ ടൂറിസം പദ്ധതി

297 (3589) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാമിലെ ഇക്കോടൂറിസം പദ്ധതി പൂർത്തിയാക്കുവാൻ വനം വകുപ്പിനെ ഏൽപ്പിച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പണി ഇപ്പോഴും പൂർത്തിയാക്കാതെ കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചിമ്മിനി ഡാമിലെ ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 2547/2007/TSM തീയതി 27-3-2007 പ്രകാരം 9 ഘടക പദ്ധതികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി

ലഭിക്കുകയുണ്ടായി. ടി പദ്ധതികൾ നടപ്പാക്കുന്നതിന് 2 ഗഡുക്കളായി 20 ലക്ഷം രൂപ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചു. ആയതിൽ 6 ഘടക പദ്ധതികൾ പൂർണ്ണമായും ഒരു ഘടകപദ്ധതി ഭാഗികമായും പൂർത്തീകരിച്ചു. ബാക്കിയുള്ള 2 ഘടക പദ്ധതികളിൽ ഒന്നായ തോട്ടപ്പുരയിലെ 'ഇക്കോ ലോഡ്ജ് നിർമ്മാണം' സുപ്രീംകോടതിയുടെ ഉത്തരവുകളും വനനിയമങ്ങളും കാരണം പ്രായോഗികമല്ലാത്തതിനാൽ നടത്തിയിട്ടില്ല. മറ്റൊരു ഘടക പദ്ധതിയായ ഓർക്കിഡ് ട്രെയിൽ പ്രായോഗികമല്ലാത്തതിനാൽ ടി പദ്ധതിയും ഉപേക്ഷിച്ചു. പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് (സർക്കാർ കത്ത് നം.72395/ എഫ്4/09/ടി.എസ്സ്.എം.തീയതി 25-8-2012, ഇക്കോ ടൂറിസം ഡയറക്ടറുടെ കത്ത് നം. ഇ.ടി/ടി2/50-11/2007 തീയതി 20-9-2012) എസ്റ്റിമേറ്റുകൾ ഇക്കോ ടൂറിസം ഡയറക്ടർക്ക് നൽകിയിരുന്നുവെങ്കിലും പുതുക്കിയ പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. തുടർന്ന് ഇക്കോ ടൂറിസം ഡയറക്ടറുടെ 28-3-2014 തീയതിയിലെ നിർദ്ദേശപ്രകാരം ചെലവാകാതെയിരുന്ന ബാക്കി തുക 4-4-2014 തീയതിയിൽ പീച്ചി വൈൽഡ് ലൈഫ് വാർഡൻ തിരികെ നൽകി.

(സി) 2014-15 വർഷത്തിൽ പീച്ചി, വാഴാനി, ചിമ്മിനി വന്യജീവി സങ്കേതങ്ങളിൽ നടപ്പാക്കാനുള്ള ഇക്കോ ടൂറിസം പദ്ധതികളുടെ പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിരിക്കുന്ന ഓക്സ്ബോ തടാകം സംരക്ഷിക്കാൻ നടപടി

298 (3590) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനും, ജൈവ വൈവിധ്യബോർഡിന്റെ കീഴിൽ 'പ്രകൃതി പൈതൃക ലിസ്റ്റിൽ' ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള തടാകം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാന്റെ നിർദ്ദേശാനുസരണം നടത്തിയ പഠനത്തിൽ ഇത് ഓക്സ്ബോ തടാകമല്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly